റവന്യൂ വകുപ്പിൽ പ്രൊമോഷൻ യഥാസമയം നൽകാൻ നടപടി

75(2131) ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ പ്രൊമോഷൻ യഥാസമയം നടത്താത്തതു കാരണം മുൻകാല പ്രാബല്യത്തോടെ പ്രൊമോഷൻ നൽകാറുണ്ടോ; എങ്കിൽ ഏതെല്ലാം തസ്തികകളിലാണ് അങ്ങനെ സംഭവിക്കുന്നത് എന്നും അതിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ മുൻകാല പ്രാബല്യത്തോടെ പ്രൊമോഷൻ ലഭിക്കുന്നതിൽ ഏതെല്ലാം തസ്തികകളിൽ ഉള്ളവർക്ക് കുടിശ്ശിക നൽകും; വിശദീകരിക്കുമോ;

(സി) ഇത്തരത്തിൽ കുടിശ്ശിക ശമ്പളം ലഭിക്കാൻ ജീവനക്കാരൻ എന്തെല്ലാം നടപടികൾ കൈക്കൊള്ളണമെന്ന് വിശദീകരിക്കുമോ;

(ഡി) ആയതിനെ സംബന്ധിച്ചു സർക്കാർ ഉത്തരവുകൾ നിലവിലുണ്ടോ; അവയുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) സീനിയോറിട്ടി ലിസ്റ്റുകളെ സംബന്ധിച്ചു ബഹു.ഹൈക്കോടതിയിൽ കേസുകൾ നിലവിലുള്ളതിനാൽ യഥാസമയം പ്രൊമോഷൻ നടത്താൻ കഴിഞ്ഞിട്ടില്ല. ഫൈനൽ സീനിയോറിറ്റി ലിസ്റ്റുകളുടെ അടിസ്ഥാനത്തിൽ എല്ലാ തസ്തികകളിലേക്കും മുൻകാല പ്രാബല്യം നൽകി പ്രൊമോഷൻ നൽകാറുണ്ട്.

(ബി) പ്രൊമോഷൻ ലഭിക്കുന്ന തസ്തികയിലെ ജോലിയുടെ സ്വഭാവത്തിൽ വ്യത്യാസം ഇല്ലെങ്കിൽ ശമ്പള കുടിശ്ശിക ലഭിക്കും. റവന്യൂ വകുപ്പിൽ എൽ.ഡി.ക്ലാർക്ക്/വില്ലേജ് അസിസ്റ്റന്റിന് തസ്തികയിൽ നിന്നും യു.ഡി. ക്ലാർക്ക് തസ്തികയിലേക്ക് മുൻകാല പ്രാബല്യത്തോടെ പ്രൊമോഷൻ ലഭിക്കുന്നവർക്ക് മാത്രമേ ശമ്പള കുടിശ്ശികയ്ക്കു് അർഹതയുള്ളു.

(സി) ശമ്പള കുടിശ്ശിക ലഭിക്കുന്നതിലേക്കായി ബന്ധപ്പെട്ട മേലധികാരിക്ക് അപേക്ഷ സമർപ്പിക്കണം.

(ഡി) ഉണ്ട്. കേരള സർവ്വീസ് നിയമം ഒന്നാം പാർട്ടിലെ റൂൾ 23(സി) അനുസരിച്ചാണ് ശമ്പള കുടിശ്ശിക നൽകുന്നത്.

ഇരിക്കൂർ വാട്ടർ സപ്ലൈ സ്കീമിന് വേണ്ടി സ്ഥലം ലഭ്യമാക്കാൻ നടപടി

76 (2132)ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിലെ പടിയൂർ ഗോപികുമാർ എസ്റ്റേറ്റിലെ 22 ഹെക്ടർ സ്ഥലം ഇരിക്കൂർ വാട്ടർ സപ്ലൈ സ്കീമിന് വേണ്ടിയുള്ള വാട്ടർ അതോറിറ്റിയ്ക്ക് നൽകാനുള്ള മന്ത്രിസഭാ തീരുമാനം നടപ്പിലാക്കിയോ;

(ബി) ഇല്ലെങ്കിൽ കാരണം എന്താണ്;

LIBRARY ARCHIVES Kerala Legislative Assembly